ഒരിനം ആയിരുന്ന കുഷ്ഠരോഗനിർമ്മാർജ്ജനം. സേവാഗ്രാമത്തിൽ അന്തേവാസിയായി ഒരു കുഷ്ഠരോഗി ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ വ്രണങ്ങൾ കഴുകി മരുന്നുവെച്ചുകെട്ടുന്നതു് ഗാന്ധിജിയുടെ ദിനചര്യകളിൽ ഒന്നായിരുന്നു. കുഷ്ഠരോഗികളുടെ സേവനത്തിനായി 'ഹിന്ദ് കുഷ്ഠ നിവാരണ സംഘ്' എന്ന ഒരു സ്ഥാപനം ഗാന്ധിജിയുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ടിരുന്നു. ആംതേയുടെ കുഷ്ഠരോഗ നിവാരണ പ്രവർത്തനങ്ങൾക്കു പ്രചോദനമായി വർത്തിച്ചതു് മഹാത്മാഗാന്ധിയുടെ ഇത്തരം പ്രവർത്തനങ്ങളാണു്.

ബാബാ ആംതേ ഒരു കവിയും ദാർശനികനുമാണു്. മറാഠീഭാഷയിൽ അദ്ദേഹം എഴുതിയ കവിതകൾ 'ജ്വാലയും പൂക്കളും' എന്നപേരിൽ സമാഹരിക്കപ്പെട്ടിട്ടുണ്ടു്. നല്ല ഒരു വാഗ്മിയുമാണു് അദ്ദേഹം. മധുരമായ പെരുമാററംനിമിത്തം, തന്റെ പ്രവർത്തനങ്ങളിൽ വ്യത്യസ്ത ജനവിഭാഗങ്ങളുടെ വ്യാപകമായ സഹകരണം നേടുവാൻ അദ്ദേഹത്തിനു് കഴിഞ്ഞിട്ടുണ്ടു്.

വനസംരക്ഷണമാണു് ബാബാ ആംതേയ്ക്കു താല്പര്യമുള്ള മറെറാരു വിഷയം. 'കാടുകളുടെ രക്ഷ, മനുഷ്യന്റെ രക്ഷ' (ജംഗിൾ ബചാവോ, മാനവ് ബചാവോ) എന്ന പേരിൽ ആദിവാസികളുടെ ഒരു പ്രസ്ഥാനം കഴിഞ്ഞ ആണ്ടിൽ അദ്ദേഹം സംഘടിപ്പിക്കുകയുണ്ടായി.

അദ്ദേഹത്തിനു് ഇപ്പോൾ എഴുപത്തൊന്നു വയസ്സായി. നിരന്തരമായ അദ്ധ്വാനത്തിന്റെ ഫലമായി അദ്ദേഹം രോഗിയായിരിക്കുന്നു. എങ്കിലും, രോഗശയ്യയിൽ കിടന്നുകൊണ്ടു് അദ്ദേഹം താൻ പടുത്തുയർത്തിയ സ്ഥാപനങ്ങളുടെ ദൈനംദിനപ്രവർത്തനങ്ങൾക്കു നേതൃത്വംനൽകുന്നു.

ബാബാ ആംതേയെപ്പോലുള്ള ജനസേവകരുടെ ഒരു സംഘടനയായി കോൺഗ്രസ്സിനെ വളർത്തിക്കൊണ്ടുവരാനാണു് മഹാത്മാഗാന്ധി ആഗ്രഹിച്ചതു്. പക്ഷേ, നിർഭാഗ്യവശാൽ, കോൺഗ്രസ് മാത്രമല്ല, നമ്മുടെ രാഷ്ട്രീയ സംഘടനകളെല്ലാംതന്നെ, ഭാഗ്യാന്വേഷികളുടെ വേട്ടക്കൂടാരങ്ങളായി മാറിയിരിക്കുന്നു. ജനസേവകർക്കു് അവയിൽ സ്ഥാനമില്ലെന്നു വന്നിരിക്കുന്നു. സ്വാതന്ത്ര്യഭാരതത്തിനു നേരിട്ട ഏററവും വലിയ നിർഭാഗ്യം ഇതാകുന്നു.

22 സെപ്തംബർ, 1985

## 62. വൈലോപ്പിള്ളി

ഇന്നലെ (ഡിസംബർ 23—ാം തീയതി) അതിരാവിലെ, തൃശ്ശൂരിൽ പൂങ്കുന്നത്തുള്ള ഡോക്ടർ ടി. ഐ. രാധാകൃഷ്ണന്റെ വസതിയിൽ ചെന്നു് ഏതാനും മണിക്കൂറുകൾക്കുമുമ്പു് മൃത്യുവിന്റെ ആശ്ലേഷത്തിൽ നിശ്ചലമായിക്കഴിഞ്ഞിരുന്ന വൈലോപ്പിള്ളിൽ ശ്രീധരമേനോന്റെ ഭൗതിക ശരീരം അവസാനമായി ഞാൻ കണ്ടു. ജീവിതത്തിന്റെ ഒടുവിലത്തെ എഴുപത്തൊന്നു നാളുകളിൽ ശ്രീധരമേനോനു് ആവശ്യമായിരുന്ന പരിചരണം നൽകുന്നതിനുള്ള ഭാഗ്യം കൈവന്നതു് ഡോക്ടർ രാധാകൃഷ്ണനായിരുന്നു.

ജീവചൈതന്യം തുടിച്ചുനിന്നിരുന്ന ആ ശരീരം ആദ്യമായി ഞാൻ കണ്ടതു് നാല്പത്തേഴ വർഷംമുമ്പു് 1938—മാർച്ചുമാസത്തിലെ ഒരു പുലരിയിലായിരുന്നു. എന്റെ മാതൃവിദ്യാലയമായ തൃപ്പൂണിത്തുറ സംസ്കൃത കോളേജിന്റെ അങ്കണത്തിൽ, ആ കോളേജിൽ ക്ലാർക്കു് ആയിരുന്ന ഒരു

സുഹൃത്തുമൊരുമിച്ച് ബാററ്മിൻറൺ കളിക്കാൻ, അന്ന് തൃപ്പൂണിത്തുറ ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്ന ശ്രീധരമേനോൻ എന്നും രാവിലെ വന്നെത്താറുണ്ടായിരുന്നു.

ശ്രീധരമേനോൻെറ കവിത അതിനുമുമ്പുതന്നെ ഞങ്ങൾക്ക് പരിചിതമായിക്കഴിഞ്ഞിരുന്നു. മററു പലരെയുംപോലെ വിശ്രുതമായ 'മാമ്പഴ'ത്തിലൂടെത്തന്നെയാണ് ആ കവിതയുടെ മാധുര്യവും സൗരഭ്യവും ഞങ്ങൾ ആദ്യമായി മനസ്സിലാക്കിയത്. 'മാമ്പഴം' വായിച്ചതിനുശേഷം, ശ്രീധരമേനോൻെറ പ്രസിദ്ധീകൃതവും അപ്രസിദ്ധീകൃതവുമായ കവിതകൾ തേടിപ്പിടിച്ചു വായിക്കുക, ഞങ്ങൾക്കൊരു ലഹരിയായിത്തീർന്നിരുന്നു. ശ്രീധരമേനോൻെറ അച്ചടിച്ചു കണ്ടിട്ടില്ലാത്ത 'കൈതൊഴാം തൊഴാം' എന്ന മനോഹരമായ സ്തോത്രത്തിൻെറ കൈയെഴുത്തുപ്രതി ഞങ്ങൾക്കിടയിൽ പ്രചരിച്ചുകൊണ്ടിരുന്ന കാലത്താണ് കൈയിലൊരു ബാററുമായി കവി ഞങ്ങളുടെ വിദ്യാലയമുററത്തു പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്. ഈ കവിതയിൽനിന്ന് ഇങ്ങനെ രണ്ടു വരികളേ ഇപ്പോൾ ഓർമയിൽ നിൽക്കുന്നുള്ളു:

കനിവിനാഴിയെ,ക്കംസകാലനെ—
ക്കമലനേത്രനെ, കൈതൊഴാം, തൊഴാം!

കവിതയോടുള്ള ആരാധന ബഹുമാനമായി മാറി, കവിയുമായി അടുക്കുന്നതിനു പ്രതിബന്ധമായി നിന്നതിനാലാവാം, അകന്നുനിന്നു കാണാനല്ലാതെ അടുത്തുചെന്ന് അദ്ദേഹവുമായി ചങ്ങാത്തം സ്ഥാപിക്കാൻ അക്കാലത്തു ഞാൻ മുതിരുകയുണ്ടായില്ല.

ഏഴു വർഷങ്ങൾക്കകം അനേകം കവിതകൾക്കുശേഷം 1944—45—ൽ മദ്രാസിലെ സൈദാപ്പേട്ടയിലുള്ള ടീച്ചേഴ്സ് ട്രെയ്നിങ് കോളേജിൽ പരിശീലനം നേടുകയായിരുന്ന ശ്രീധരമേനോനെ ഞാൻ ചെന്നു കാണുമ്പോഴേക്ക് ഞങ്ങൾ പരസ്പരം പരിചിതരായിക്കഴിഞ്ഞിരുന്നു. ശ്രീധരമേനോൻെറ കവിതയെ ഞാൻ ശ്രദ്ധിച്ചിരുന്ന തോതിലില്ലെങ്കിലും എൻെറ കവിതയെ ശ്രീധരമേനോനും ശ്രദ്ധിക്കാൻ തുടങ്ങിയിരുന്നു. ഞാൻ അന്ന് മദ്രാസ് സർവകലാശാലയിലെ ഗവേഷണവിദ്യാർത്ഥിയായിരുന്നു.

ആറു വർഷംകൂടി കഴിഞ്ഞ് 1951—ൽ മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൻെറ ചുമതല എന്നിൽ നിക്ഷിപ്തമാവുമ്പോൾ ശ്രീധരമേനോനുമായി ഞാൻ വളരെയധികം അടുത്തിട്ടുണ്ടായിരുന്നു. വ്യക്തിപരമായി ശ്രീധരമേനോനുമായുള്ള എൻെറ സമ്പർക്കം ഗാഢമായിത്തീർന്നത് ഒരുപക്ഷേ, എറണാകുളത്ത് മഹാകവി ജി. ശങ്കരക്കുറുപ്പിൻെറ വസതിയിൽ നടക്കാറുള്ള ചീട്ടുകളിസ്സത്രങ്ങളിൽവെച്ചായിരിക്കാം. എത്രയോ മണിക്കൂറുകൾ ഞങ്ങൾ ഒന്നിച്ചിരുന്ന് ചീട്ടു കളിക്കുകയും സംസാരിക്കുകയുംചെയ്തു. ഒന്നിച്ച് പലയിടത്തും സഞ്ചരിച്ചു. പരസ്പരം അതിഥികളും ആതിഥേയരുമായി. അങ്ങനെ ശ്രീധരമേനോൻെറ കവിതയെന്നപോലെ അദ്ദേഹത്തിൻെറ വ്യക്തിത്വവും എൻെറ ജീവിതത്തിൻെറ ഭാഗമായിത്തീർന്നു. സാധാരണയിൽ കൂടുതൽ വൈകിനടന്ന അദ്ദേഹത്തിൻെറ വിവാഹത്തിൽ ഞാൻ സന്നിഹിതനായിരുന്നു. ഹ്രസ്വമായിരുന്ന അദ്ദേഹത്തിൻെറ ഗാർഹസ്ഥ്യസൗഭാഗ്യത്തിനു സാക്ഷ്യംവഹിക്കാനും എനിക്ക് അവസരങ്ങൾ ഉണ്ടായി. ശ്രീമതി ഭാനുമതിയമ്മയിൽനിന്നു മാനസികമായി അകന്നശേഷം കുറേക്കാലം വേലക്കാരുടെ സഹായത്തോടെയും വളരെക്കാലം ഏകാകിയായും ശ്രീധരമേനോൻ ജീവിച്ചിരുന്നപ്പോഴും, അദ്ദേഹവുമായി എനിക്ക് അവിരാമമായ സമ്പർക്കമുണ്ടായിരുന്നു.

ദീർഘമായ ഈ സമ്പർക്കത്തിൻെറ ഫലമായി, അദ്ദേഹം ഇഹലോകജീവിതം വെടിഞ്ഞ് അധികം താമസിയാതെ ഈ ചരമക്കുറിപ്പ്

എഴുതാനിരിക്കുമ്പോൾ, ഒരേ സമയം കരച്ചിലും ചിരിയും ഉളവാക്കുന്ന ശ്രീധരമേനോനെന്ന വ്യക്തിയുടെ സ്വഭാവത്തിലെ അസാധാരണതകളും വൈരുദ്ധ്യങ്ങളുമാണു് എന്റെ മനസ്സിൽ ആദ്യമായി തിങ്ങിനിറയുന്നതു് എഴുതുമ്പോഴും വായിക്കുമ്പോഴും രസകരമായിരിക്കാമെങ്കിലും, സങ്കീർണമായ ആ വ്യക്തിത്വത്തെക്കുറിച്ചല്ല ഞാൻ ഇപ്പോൾ എഴുതേണ്ടതു്. മലയാളസാഹിത്യത്തിനു് സൗന്ദര്യവും ഗാംഭീര്യവും നൽകിയ ശ്രീധരമേനോന്റെ കവിതതന്നെയായിരിക്കണം ഈ അനുസ്മരണത്തിന്റെ വിഷയം.

കാരണം, ശ്രീധരമേനോൻ ജീവിച്ചതു് കവിതയ്ക്കുമാത്രം വേണ്ടിയാണു്. ജീവിതവൃത്തിയായി അദ്ധ്യാപനത്തെ സ്വീകരിക്കുകയും, പ്രശസ്തമായ നിലയിൽ ആ തൊഴിൽ നിർവഹിക്കുകയുംചെയ്തുവന്നപ്പോഴും അദ്ദേഹത്തിന്റെ ഏകാഗ്രസാധനയുടെ കേന്ദ്രം കവിതയുടെ ദീപ്തമണ്ഡലമായിരുന്നു. അദ്ദേഹം കവിതയെപ്പററി ചിന്തിച്ചു. കവിത സ്വപ്നം കണ്ടു. മനസ്സിൽ കവിത മൂളിക്കൊണ്ടു് മററു പ്രവൃത്തികൾ ചെയ്തു. എഴുതിയ കവിത തേച്ചുമിനുക്കി ചിന്തയുടെയും ആവിഷ്കരണത്തിന്റെയും പാരമ്യത്തിലെത്തിക്കുന്നതിനു് മണിക്കൂറുകളും ദിവസങ്ങളും ചെലവഴിച്ചു. ഇത്രമാത്രം ഏകാഗ്രവും തീവ്രവുമായ കാവ്യസാധന കേരളത്തിൽ ഈ അടുത്ത അരനൂററാണ്ടു കാലത്തിൽ, മററാരെങ്കിലും നടത്തിയിട്ടുള്ളതായി എനിക്കു് അറിവില്ല. മററു മിക്ക കവികൾക്കും പല സാധനകളിലൊന്നുമാത്രമായിരുന്നു കവിത. ഒരു വില്ലിനു് പല ഞാണുകൾപോലെ, തങ്ങളുടെ മാനസികവ്യാപാരങ്ങൾക്കു പല മേച്ചിൽപ്പുറങ്ങൾ അവർ ഒരേസമയം നിലനിർത്തിയപ്പോൾ ശ്രീധരമേനോൻ മറെറല്ലാം വെടിഞ്ഞു കവിതയുടെ പിന്നാലെ പോയി. 'ഞാനൊരു വെറും സൗന്ദര്യാത്മക കവിമാത്രം' എന്നു് പണ്ടു് ശ്രീധരമേനോൻ എഴുതിയിട്ടുണ്ടു്. സൗന്ദര്യാത്മകമായിട്ടല്ലാതെ തനിക്കു് കവിത എഴുതാൻ കഴിയുകയില്ലെന്ന നില ദീർഘസാധനയിലൂടെ സ്വായത്തമാക്കിക്കഴിഞ്ഞപ്പോൾ പില്ക്കാലത്തു് അദ്ദേഹം തന്റെ ജീവിതംകൊണ്ടു് 'ഞാനൊരു കവിമാത്രം' എന്നു് പ്രഖ്യാപിച്ചു.

മലയാളകവിതയിലെ റൊമാൻറിക് വസന്തത്തിന്റെ ആദ്യകാലപുഷ്പങ്ങളുടെ മനോഹാരിതയോടൊപ്പം അന്ത്യകാലഫലങ്ങളുടെ മധുരിമകൂടി അദ്ദേഹത്തിന്റെ കവിതയെ അകമഴിഞ്ഞു് അനുഗ്രഹിച്ചിരിക്കുന്നു. കാൽപ്പനിക കൗമാരത്തിന്റെ ചാപല്യം ശ്രീധരമേനോന്റെ കവിത ഒരിക്കലും പ്രദർശിപ്പിച്ചിട്ടില്ല; കാല്പനികപ്രൗഢതയുടെ സുശിക്ഷിതമായ ആത്മസംയമനമായിരുന്നു തുടക്കംമുതൽ ആ കവിതയുടെ സവിശേഷത. പ്രകൃതിയോടു് അത്ഭുതാദരങ്ങളും മനുഷ്യപുരോഗതിയിൽ അഭിമാനവും മനുഷ്യപ്രകൃതിയുടെ ദൗർബല്യങ്ങളോടു് അനുഭാവവും അദ്ദേഹത്തിന്റെ കൃതികളിൽ ഏതുകാലത്തും പ്രകടമായിരുന്നു. ഒരു ശാസ്ത്രജ്ഞന്റെ സൂക്ഷ്മതയോടെ പ്രകൃതിയെ നിരീക്ഷിക്കുന്നതിലും സൗന്ദര്യപരമായി അർത്ഥഗർഭങ്ങളായ പ്രകൃതിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിലും റിയലിസ്റ്റ് സാങ്കേതികരീതി വളരെ ഫലപ്രദമായി അദ്ദേഹം ഉപയോഗപ്പെടുത്തി. വ്യാപകമായ അർത്ഥത്തിൽ 'റൊമാൻറിക്–റിയലിസ്റ്റ്' എന്നു് ശ്രീധരമേനോന്റെ കവിതയെ വിശേഷിപ്പിക്കാവുന്നതാണു്.

ഭാരതീയവും കേരളീയവുമായ പൈതൃകങ്ങളെപ്പററി തികഞ്ഞ അഭിമാനം ശ്രീധരമേനോനുണ്ടായിരുന്നു. സമൂഹത്തോടുള്ള എതിർപ്പും, സമൂഹത്തിൽനിന്നു തികച്ചും അന്യനാണു് താനെന്ന ബോധവും വളരെ നേരിയതോതിൽ മാത്രമേ അദ്ദേഹത്തിന്റെ കൃതികളിൽ പ്രതിഫലിക്കുന്നുള്ളു. സമൂഹത്തിലെ തിന്മകളെപ്പററി തീവ്രമായ പ്രതിഷേധം ഉള്ളപ്പോഴും, അദമ്യമായ ആശാവാദം അദ്ദേഹത്തിന്റെ കൃതികൾക്കു് അസാധാര

ണമായ മാധുര്യവും ഔദാര്യവും നൽകി. ഇക്കാരണത്താൽ, പരിവേദമോ വിലാപമോ ശകാരമോ ശാപമോ അപൂർവ്വമായിമാത്രമേ ശ്രീധരമേനോന്റെ രചനകളിൽ നാം കാണുകയുള്ളു.

പല ആധുനികകവികളും ചെയ്യുന്നതുപോലെ ശ്രീധരമേനോൻ ബാഹ്യയാഥാർഥ്യത്തെ വക്രീകരിക്കുകയോ പാടെ അവഗണിക്കുകയോ ചെയ്യില്ല. ബാഹ്യയാഥാർഥ്യങ്ങൾക്ക് എതിരെ സത്യ—സൗന്ദര്യ—ധർമ്മബോധംകൊണ്ട് ഉദ്ദീപ്തമായ ഒരു ഹൃദയത്തിന്റെ ഋജുവായ പ്രതികരണമാണ് അദ്ദേഹത്തിന്റെ കവിതയുടെ മുഖ്യവിഷയം. പ്രതികരണം സങ്കീർണമാവുന്നതു 'കുടിയൊഴിക്കൽ'പോലെ ഏതാനും രചനകളിൽ മാത്രമാണ്. കാളകൂടം താൻ ഭക്ഷിച്ച് അമൃതം ദേവകൾക്ക് നൽകിയ പരമശിവനെപ്പോലെ ശ്രീധരമേനോൻ ജീവിതത്തിന്റെ കയ്പും ചവർപ്പും സ്വയം ആഹരിക്കുകയും അതിന്റെ മാധുര്യം തന്റെ കവിതയുടെ വായനക്കാർക്ക് നൽകുകയുംചെയ്തു.

കവിതയുടെ രൂപശില്പത്തിൽ ഇത്രയേറെ മനസ്സുവെച്ച മറ്റൊരു കവി അടുത്തകാലത്തു് കേരളത്തിൽ ജീവിച്ചിരുന്നിട്ടില്ല. ശ്രീധരമേനോന്റെ കാവ്യജീവിതത്തിന്റെ പുലരിയിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തിയതു് വള്ളത്തോൾ പ്രസ്ഥാനത്തിന്റെ നായകന്മാരിൽ ഒരാളായ കുറ്റിപ്പുറത്തു കേശവൻനായർ ആയിരുന്നു. 'എന്റെ ശ്രീധരൻ' എന്നു് തന്നെപ്പറ്റി കേശവൻനായർ പറയാറുള്ളതു് ശ്രീധരമേനോൻ പലപ്പോഴും അഭിമാനപുളകത്തോടെ അനുസ്മരിക്കാറുണ്ട്. കേശവൻനായരുടെ 'ഗ്രാമീണകന്യക'പോലെയുള്ള രചനകളുടെ സരളതയും ഉദാത്തതയും ശ്രീധരമേനോൻ തുടക്കത്തിൽത്തന്നെ സ്വായത്തമാക്കി. പ്രകടമായ സരളതയ്ക്കടിയിൽ പല അടരുകളുള്ള അർത്ഥമേഖലകളെ ഒളുക്കുന്നതിനായി പിന്നീട് അദ്ദേഹത്തിന്റെ യത്നം 'കാച്ചിക്കുറുക്കിയ'തെന്നു് വൈലോപ്പിള്ളിക്കവിതയെ വിശേഷിപ്പിച്ചവർ ഉദ്ദേശിച്ചതു് ഇതാണ്.

മണ്ണിനടിയിൽ ആഴത്തിൽ മറഞ്ഞുകിടന്ന വിക്രമാദിത്യന്റെ സിംഹാസനത്തിനു മുകളിൽ നിൽക്കുമ്പോഴെല്ലാം ഔദാര്യത്തിന്റെയും സംസ്കാരത്തിന്റെയും മൂർത്തിമദ്ഭാവമായി സ്വയം മാറുമായിരുന്ന ദരിദ്രനും അറുപിശുക്കനും അസംസ്കൃതനുമായ, ഒരു ബ്രാഹ്മണനെപ്പറ്റി 'സിംഹാസന ദ്വാത്രിംശതി' എന്ന പ്രാചീനകഥാസമാഹാരം പ്രതിപാദിക്കുന്നുണ്ട്. കവിതയുടെ പരിവേഷത്തിനുള്ളിൽ, പരമാവധി പൂർണതയുടെയും ഉജ്ജ്വലതയുടെയും ഉദാത്തതയുടെയും ഭാഷയിൽമാത്രമേ ശ്രീധരമേനോൻ സംസാരിച്ചിട്ടുള്ളു. അദ്ദേഹത്തിന്റെ കവിത മിക്കപ്പോഴും ഉണർത്തിവിടുന്നതു് തീവ്രമായ ഗൃഹാതുരത്വമെന്ന വികാരമാണ്. പൊയ്പോയ ആദർശങ്ങളുടെ, സാരള്യങ്ങളുടെ, നീതിബോധങ്ങളുടെ, ഉദ്ഗ്രഥിത വ്യക്തിത്വങ്ങളുടെ മധുരവും പാവനവുമായ സ്മരണ ഈ കവിത ഉണർത്തുന്നു. അതിന്റെ കണ്ണീർത്തുള്ളികളിൽ പുഞ്ചിരികൾ മഴവില്ലുകൾ വിടർത്തുന്നു.

ഭൗതികശരീരം ഭാരതപ്പുഴയിൽ ചാമ്പലായി കലർന്നുകഴിഞ്ഞശേഷവും, കവിതയിലൂടെ വൈലോപ്പിള്ളി ശ്രീധരമേനോൻ കേരളീയരുടെ ഹൃദയങ്ങളിൽ അമർത്ത്യത നേടിയിരിക്കുന്നു.

പക്ഷേ, സ്വന്തം ജീവിതത്തിന്റെ വലിയൊരുഭാഗം പെട്ടെന്നു നഷ്ടപ്പെട്ട അനുഭവമാണ് ശ്രീധരമേനോന്റെ മരണം എന്നെപ്പോലുള്ള സുഹൃത്തുക്കളിൽ ഉളവാക്കിയിട്ടുള്ളതു്. കാരണം ശ്രീധരമേനോന്റെ പൂർണതയോളമെത്തിനിൽക്കുന്ന കവിതയെ എന്നപോലെ, അസാധാരണതകളും വൈരുദ്ധ്യങ്ങളും നിറഞ്ഞ ചിരിയും കരച്ചിലും ഒരേസമയം ഉളവാക്കുന്ന, വൈലോപ്പിള്ളിൽ ശ്രീധരമേനോനെന്ന വ്യക്തിയെയും ഞങ്ങൾ ഉള്ളഴിഞ്ഞു സ്നേഹിച്ചിരുന്നു. ആ വ്യക്തിയുടെ ചരമംകൊണ്ടുണ്ടായ

ശൂന്യത ആ കവിതകൊണ്ടു പരിഹരിക്കാൻ കാലക്രമത്തിൽ ഞങ്ങൾക്കു സാധ്യമായേക്കാം. പക്ഷേ, കേവലമായ വിഷാദത്തിന്റെ ഇരുണ്ട മണിക്കൂറുകളാണ് ഞങ്ങൾക്കിപ്പോൾ.

24 ഡിസംബർ, 1985

## 63. ഥോർ ഹെയർ ഡാൽ

സ്വന്തം ജീവിതത്തെ ഇതിഹാസമാക്കിമാററിയ ചിലർ നമ്മുടെയിടയിൽ ഇപ്പോഴുമുണ്ട്. ഇത്തരത്തിൽ ഒരാളാണ് എഴുപത്തൊന്നുവയസ്സുള്ള ഥോർ ഹെയർ ഡാൽ എന്ന നോർവേക്കാരൻ. ഥോറിന്റെ 'കോൺടികി' എന്ന പുസ്തകം 1950–കളിൽ പരിഷ്കൃതലോകത്തിലാകെ പ്രസിദ്ധിയാർജിച്ചിരുന്നു. മലയാളമടക്കം അറുപത്താറു ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട് ഈ ഗ്രന്ഥം. 'കോൺടികി'ക്കുപുറമെ പത്തോളം പുസ്തകങ്ങളും ആറ് ഡോക്യുമെൻററി സിനിമകളും ഥോർ ഹെയർ ഡാൽ നിർമ്മിച്ചിട്ടുണ്ട്. ഈ സിനിമകളിലൊന്നിന് ഓസ്കാർസമ്മാനം ലഭിക്കുകയുമുണ്ടായി.

സാഹസികനായ ഒരു ശാസ്ത്രജ്ഞനാണ് ഥോർ ഹെയർ ഡാൽ. നോർവേയിലെ ഓസ്ലോനഗരത്തിൽനിന്ന് നൂറു കിലോമീററർ അകലെ 'ലാർവിക്' എന്ന ചെറുനഗരത്തിൽ ജനിച്ച ഥോർ ഓസ്ലോ സർവകലാശാലയിൽ ചേർന്ന് ജീവശാസ്ത്രവും ഭൂമിശാസ്ത്രവും പഠിച്ചു. ശാന്തസമുദ്രമധ്യത്തിലുള്ള ചെറുദ്വീപുകളിൽ പാർക്കുന്ന മനുഷ്യരുടെ വംശസവിശേഷതകളുടെ പഠനം (ആന്ത്രോപ്പോളജി) ആയിരുന്നു അദ്ദേഹത്തിന്റെ പ്രത്യേക പഠനവിഷയം. സർവകലാശാല നൽകിയ ഒരു സ്കോളർഷിപ്പ് ഉപയോഗപ്പെടുത്തി ഥോർ ഒരു വർഷം ഫ്രഞ്ച് പോളിനേഷ്യയിൽപ്പെട്ട മാർകേസാസ് ദ്വീപുകളിൽ താമസിച്ചു. ആകെ 1274 ചതുരശ്രകിലോമീററർമാത്രം വിസ്താരമുള്ള പതിനൊന്നു ദ്വീപുകളാണ് 'മാർകേസാസ്' എന്ന പേരിൽ അറിയപ്പെടുന്നത്. അയ്യായിരത്തിൽ അല്പം കൂടുതൽ ജനങ്ങളേ മാർകേസാസ് ദ്വീപുകളിൽ ഉള്ളൂ.

അക്കരെകാണാത്ത ആഴക്കടലിന്റെ നടുക്ക് ഒററപ്പെട്ടു ജീവിക്കുന്ന ഈ പ്രാകൃതമനുഷ്യരുടെ ധീരതയും, സ്വഭാവസവിശേഷതകളും, പ്രശ്നങ്ങളും ഥോർ ശ്രദ്ധയോടെ പഠിച്ചു. ബാഹ്യലോകവുമായി ബന്ധമില്ലാതിരുന്ന ഈ ദ്വീപുകളിൽ അന്ന് റേഡിയോവോ, മരുന്നുകളോ, തീപ്പെട്ടിപോലുമോ എത്തിയിരുന്നില്ല. മത്സ്യവും തേങ്ങയും വാഴപ്പഴവുമായിരുന്നു ജനങ്ങളുടെ ആഹാരം.

പോളിനേഷ്യയിലെ മനുഷ്യ–മൃഗ–പ്രകൃതിസവിശേഷതകൾ സൂക്ഷിച്ചു നിരീക്ഷിച്ചുകൊണ്ടിരിക്കെ ഥോർ ഹെയർ ഡാലിന് ഒരു വസ്തുത വ്യക്തമായി ഒരു ദിശയിലേക്കുമാത്രം യാത്രചെയ്യാവുന്ന ഒരു റോഡിന്റെ വക്കിലാണ് ഈ ദ്വീപുകൾ. ശാന്തസമുദ്രമാണ് ആ റോഡ്. തെക്കേ അമേരിക്കയിൽനിന്ന് ഈ ദ്വീപുകളിലേക്കാണ് എല്ലാകാലത്തും കടലിലെ ഒഴുക്കുകളും കാററുകളും. അറബിക്കടലിലുള്ളതുമാതിരി, കുറേക്കാലം ഒരുവശത്തേക്കും പിന്നെ കുറേക്കാലം മറുവശത്തേക്കും അടിക്കുന്നതല്ല പോളിനേഷ്യയിലെ കാററുകൾ. ഇതിൻഫലമായി, തെക്കേ അമേരിക്കക്ക് അഭിമുഖമായ കിഴക്കേ കടൽത്തീരത്തിൽ ഉള്ള കാലാവസ്ഥയ്ക്കും സസ്യ–ജന്തുജീവിതത്തിനും നേരെ വിപരീതമാ